# കേരള സർവകലാശാല

നം. പി.ആർ.278/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഭാഷാവിഭവഭൂപട ശിൽപശാല

കേരള സർവകലാശാല ഭാഷാശാസ്ത്ര വകുപ്പിലെ യു.ജി.സി സെന്റർ ഫോർ എൻഡെയ്ജേഡ് ലാംഗ്വേജസ് ഓഫ് കേരള (ചെൽക്ക്) കേരളത്തിന്റെ സമഗ്ര മായ ഭാഷാവിഭവഭൂപടം വികസിപ്പിക്കുന്നു. പല ഘട്ടങ്ങളിലായുള്ള പ്രവർത്തന ശിൽപശാലകളിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ജനുവരി രണ്ടാംവാരം നടത്താൻ ഉദ്ദേശിക്കുന്ന ഈ ശിൽപശാലകളിലേക്കായി പലമേ ഖലകളിലെ വിദഗ്ദ്ധരുടെ ഒരു പാനൽ തയ്യാറാക്കുന്നു. ഭാഷാശാസ്ത്രം (5), നരവംശശാസ്ത്രം (1), ജേർണലിസം (1), ഡിജിറ്റൽ ഭൂപട നിർമ്മാണം (1), ഫോക്ക്ലോർ/ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി (2), ഡേറ്റാബേസ് മാനേ ജ്മെന്റ് (1) എന്നീ മേഖലകളിലെ വിദഗ്ദ്ധർക്ക് ഈ ശിൽപശാലകളിൽ പങ്കെടു ക്കാം. ആദിവാസി ഭാഷകളിലെ ഭാഷാ ആക്ടിവിസ്റ്റുകളെ (4) പ്രത്യേകം ക്ഷണിക്കുന്നു. അക്കാദമിക്ക് യോഗ്യതയോടൊപ്പം, പ്രവർത്തന മികവാണ് ശിൽപശാലയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം. ബയോഡേറ്റയോ ടൊപ്പം കേരളത്തിലെ വലുതും ചെറുതുമായ ഭാഷകളുടെ വികസനത്തിനും സംരക്ഷണത്തിനുമുള്ള നിങ്ങളുടെ നൂതന ആശയങ്ങളും 2017 ഡിസംബർ 30 ന് മുൻപ് അയക്കുക. വിലാസം : Coordinator, CeLK: UGC - Centre for Endangered Languages of Kerala, Dept. of Linguistics, University of Kerala, Kariavattom Campus, Thiruvananthapuram, Kerala 695581, (M) 9446084361, email: premkrishnas@yahoo.co.in , celkuok@gmail.com

## എം.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ജൂലൈയിൽ നടത്തിയ പ്രീവിയസ്/ഫൈനൽ എം.എ ഫിലോസഫി സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസകേന്ദ്രം ജൂലൈയിൽ നടത്തിയ എം.എ സംസ്കൃതം (സപ്ലിമെന്ററി) പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ എസ്.ഡി.ഇ യുടെ (പാളയം) ഓഫീസിൽ നിന്നും ഡിസംബർ 26, 27 തീയതികളിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റേണ്ടതാണ്.

തിരുവനന്തപുരം.
22.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ